പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4021**

**31.01.2014 ൽ മറുപടിയ്ക്ക്**

## യുവജനക്ഷേമ ബോർഡിന്റെ വ്യവസായ സംരംഭകത്വ വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. വി.റ്റി. ബൽറാം: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ; | (എ) യുവജനങ്ങളുടെ സംരംഭകത്വശേഷി വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സംരംഭകത്വ വികസന പദ്ധതി (Entrepreneurship Development Programme) എന്ന പേരിൽ നവീനമായ ഒരു പദ്ധതിക്ക് യുവജനക്ഷേമ ബോർഡ് പ്രാരംഭം കുറിച്ചിട്ടുണ്ട്. സംരംഭകത്വ വികസനരംഗത്ത് മുപ്പത് വർഷത്തെ പ്രവർത്തന പരിചയമുള്ള അന്തർ ദേശീയ തലത്തിൽ തന്നെ അംഗീകാരം നേടിയ സ്വയംഭരണ സ്ഥാപനമായ Entrepreneurship Development Institute of India, അഹമ്മദാബാദിന്റെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) യുവജനങ്ങളുടെ സംരംഭകത്വകഴിവ് വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) യുവജനങ്ങളുടെ സംരംഭകത്വ കഴിവ് വളർത്താൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി), (ഡി) & (ഇ)<br><br>പ്രീ-ട്രെയിനിംഗ് ഘട്ടം, ട്രെയിനിംഗ് ഘട്ടം, മെന്ററിംഗ് ഘട്ടം എന്നീ വിധത്തിൽ മൂന്ന് ഘട്ടങ്ങളിലായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. ഒരു ബാച്ചിൽ 25 - 35 പേരെയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒരു ജില്ലയിൽ ആദ്യ വർഷം 6 ബാച്ചിനാണ് 4 ആഴ്ച നീണ്ടുനിൽക്കുന്ന പരിശീലനം |

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

നൽകി വരുന്നത്. ഓരോ ജില്ലയിലും ആദ്യവർഷം 150 പേരെയാണ് ഇത്തരത്തിൽ പരിശീലനം നൽകി നവസംരംഭകരായി വാർത്തെടുക്കാൻ കഴിയുന്നത്. ആദ്യഘട്ടമായി വയനാട്, തിരുവനന്തപുരം, തൃശ്ശൂർ എന്നീ **3** ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കി വരുന്നു. ഈ ജില്ലകളിൽ 3 ഘട്ട പരിശീലനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം 45 ലക്ഷം (നാൽപ്പത്തി അഞ്ച് ലക്ഷം) രൂപ മാറ്റിവച്ചിട്ടുണ്ട്. പരിശീലനാനന്തരം യുവജനങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് എല്ലാ തരത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളും Entrepreneurship Development Institute of India നൽകുന്നതാണ്. പരിശീലനത്തിനുശേഷവും ഒരു വർഷത്തോളം Entrepreneurship Development Institute of India മാർഗ്ഗ നിർദ്ദേശിയായി പ്രവർത്തിക്കുന്നതാണ്. സാമ്പത്തിക-സാങ്കേതികതലങ്ങളിലും Entrepreneurship Development Institute of India സഹായിയായി പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ